# സാമൂഹ്യശാസ്ത്രം I

## അധ്യായം 4



# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

**1.** ദേശീയത എന്നാലെന്ത് ?

ജാതി-മത- വർഗ-പ്രാദേശിക വ്യത്യാസങ്ങൾക്ക് അതീതമായി ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ് ദേശീയത.

**2.** ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ചതെന്ന് ? എവിടെ?

1885 ഡിസംബർ, ബോംബെ

**3.** ഇന്ത്യൻ സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് ആര് ?

ദാദാഭായ് നവറോജി

**4.** പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന പുസ്തകമെഴുതിയതാര് ?

ദാദാഭായ് നവറോജി

**5.** ദാദാഭായ് നവറോജിയുടെ ചോർച്ചാ സിദ്ധാന്തം അനുസരിച്ച് ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേക്ക് ചോരുന്നത് ഏതൊക്കെ രീതിയിലാണ് ?

- ദാദാഭായ് നവറോജിയാണ് ചോർച്ചാ സിദ്ധാന്തം ആവിഷ്കരിച്ചത്.
- ഇന്ത്യയിൽനിന്നുള്ള അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി
- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും.
- ഇന്ത്യയിൽ ബ്രട്ടീഷ് ഉൽപ്പന്നങ്ങൾുടെ വിൽപന വഴി അവർക്ക് ലഭിച്ച ലാഭം.
- ഇന്ത്യയിൽനിന്നു പിരിച്ചെടുക്കുന്ന നികുതി.

**6.** ഇന്ത്യയുടെ സാമ്പത്തിക ചോർച്ച തടയുന്നതിനായി ദേശീയ നേതാക്കൽ മുന്നോട്ടുവച്ച ആശയം എന്ത്?

സ്വദേശിവൽക്കരണം

SPJ MTDMHSS THONDER

**7. 1905 ലെ ബംഗാൾ വിഭജനത്തിനെതിരായി നടന്ന പ്രക്ഷോഭത്തിൽ സ്വീകരിച്ച പ്രധാന തന്ത്രം എന്തായിരുന്നു ?**

വിദേശവസ്തുക്കളുടെ ബഹിഷ്കരണവും തദ്ദേശീയ വസ്തുക്കളുടെ ഉപയോഗവും.

**8. ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിന് സഹായിച്ച പ്രധാനഘടകം എന്ത് ?**

- ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണം ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ കടുത്ത ബ്രിട്ടീഷ് വിരുദ്ധമനോഭാവമുണ്ടാക്കി. ഈ മനോഭാവം ഇന്ത്യൻ ദേശീയത രൂപപ്പെടാനുള്ള പ്രധാനഘടകം.
- ജാതി-മത- വർഗ-പ്രാദേശിക വ്യത്യാസങ്ങൾക്ക് അതീതമായി ഒരു രാജ്യത്തെ ജനങ്ങൾ ക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ് ദേശീയത.

**9. സ്വദേശിപ്രസ്ഥാനകാലത്തെ ചെറുത്തു നിൽപ്പുകൾ വിശകലനം ചെയ്യുക ?**

- 1905 ലെ ബ്രിട്ടീഷുകാർ ബംഗാൾ വിഭജിച്ചപ്പോൾ വിദേശവസ്തുക്കളുടെ ബഹിഷ്കരണവും തദ്ദേശീയ വസ്തുക്കൾ പ്രചരിപ്പിക്കുകയും ചെയ്തു
- തുണിമില്ലുകൾ, സോപ്പ് ഫാക്ടറികൾ തീപ്പെട്ടിക്കമ്പനികൾ, ദേശീയബാങ്കുകൾ, ഇൻഷൂറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു.
- ബംഗാളിലെ ബംഗാളി കെമിക്കൽ സ്റ്റോർ, മഹാരാഷ്ട്രയിലെ ടാറ്റ ഇരുമ്പുരുക്ക് കമ്പനി, തമിഴ്നാട്ടിലെ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി എന്നിവയ്ക്ക് തുടക്കമിട്ടു.
- ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിൽ വലിയ കുറവ് ഉണ്ടായി.
- സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, എന്നിവർ പങ്കെടുത്തു.
- വിദേശവസ്ത്രങ്ങൾ അലക്കുകയില്ലെന്ന് അലക്കുകാരും, വിദേശവസ്ത്രങ്ങൾ ഉപയോഗിച്ച് പൂജ നടത്തില്ലെന്ന് പുരോഹിതന്മാരും പ്രതിജ്ഞയെടുത്തു.
- വിദേശത്തുനിന്നുള്ള വളകളും പാത്രങ്ങളും സ്ത്രീകൾ ബഹിഷ്കരിച്ചു.
- വിദ്യാർത്ഥികൾ സ്കൂളുകൾ ബഹിഷ്കരിച്ചു.
- ഇന്ത്യൻ ദേശീയത കൂടുതൽ ശക്തിപ്പെട്ടു.
- ബാലഗംഗാധര തിലക്, ലാലാ ലജ്പത്റായ്, ബിബിൻചന്ദ്രപാൽ എന്നിവർ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.

**10. ലാൽ-പാൽ-ബാൽ എന്നറിയപ്പെട്ടതാര് ?**

ബാലഗംഗാധര തിലക്, ലാലാ ലജ്പത്റായ്, ബിബിൻചന്ദ്രപാൽ

**11. "സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് ഞാൻ അത് നേടുകതന്നെ ചെയ്യും" ഇത് ആരുടെ വാക്കുകളാണ് ?**

ബാലഗംഗാധര തിലക്

SPJ MTDMHSS THONDERNAD

12. ഇന്ത്യൻ അസ്വസ്ഥയുടെ പിതാവെന്ന് അറിയപ്പെടുന്നതാര് ?

ബാലഗംഗാധര തിലക്

13. ഇന്ത്യൻ അസ്വസ്ഥയുടെ പിതാവെന്ന് ബാലഗംഗാധര തിലകനെ വിസേഷിപ്പിച്ചതാര് ?

വാലന്റിയിൻ ഷിറോൾ

14. തമിഴ്നാട്ടിൽ സ്വദേശിപ്രക്ഷോഭത്തിന് നേതൃത്വം നൽകിയതാര്?

വി.ഒ. ചിദംബരംപിള്ള

## തുടർപ്രവർത്തനങ്ങൾ

1. ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണം ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് കാരണമായതെങ്ങനെ ? ഈ വിഷയത്തിൽ ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

**prepared by**
**Shibu p j**
**MTDMHSS THONDERNAD**
**WAYANAD**
**9747585905**

SPJ MTDMHSS THONDERNAD